ഉത്തരം

(എ) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന 179 ദിവസം പൂർത്തിയാക്കിയ വികലാംഗർക്ക് പി. എസ്. സി.-യുമായി ആലോചിച്ച് സ്ഥിരം നിയമനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 15-8-1998 മുതൽ 15-8-1999 വരെയുള്ള കാലയളവിൽ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന 179 ദിവസം സർവ്വീസ് പൂർത്തിയാക്കിയവരെ പി. എസ്. സി.-യുമായി ആലോചിച്ച് സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചു.

ശിശുക്കളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പദ്ധതികൾ

55 [1194] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
„ പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം. വി. ജയരാജൻ:
„ പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്കളുടെ ഉന്നമനത്തിനും ക്ഷേമത്തിനും വേണ്ടി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച് സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ;

(ബി) ഏതെല്ലാം പദ്ധതികളുടെ നടത്തിപ്പിൽ എന്തെല്ലാം നിലവിലുള്ള ന്യൂനതകളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ അംഗൻവാടികളിൽ സ്വന്തമായി കെട്ടിടമുള്ളവ എത്രയാണ്; ഏറ്റവും വൃത്തിയുള്ള ചുറ്റുപാടുകളിലാണ് അംഗൻവാടികൾ നടത്തുന്നതെന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) അംഗൻവാടികൾക്ക് സമാന്തരമായി സഹകാര്യമേഖലയിൽ വളർന്നുവരുന്ന ബേബികെയർ, ക്രഷ്, പ്ലേ സ്കൂളുകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അംഗൻവാടികളിൽ വർക്കർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം

56 [1195] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടികളിൽ വർക്കർമാരെ നിയമിക്കുന്നതിന് പൊതുവായ മാനദണ്ഡം പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly